Published on – 21/7/15

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 361

# 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 361

# 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

732/2015(i).

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 361

# 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

## 2015 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2015 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും 110890,37,33,000 രൂപ പിൻവലിക്കൽ.—2015 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിൽ പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിന്, പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും, ആകെ ഒരു ലക്ഷത്തി പതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ് കോടി മുപ്പത്തേഴ് ലക്ഷത്തി മുപ്പത്തി മൂവായിരം രൂപ [ഇതിൽ 2015-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്റ്റിലെ (2015-ലെ 9-ാം നമ്പർ ആക്റ്റ്) 2-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള മുപ്പത്തി ആറായിരത്തി തൊള്ളായിരത്തി അറുപത്തിമൂന്ന് കോടി നാൽപ്പത്തിയഞ്ച് ലക്ഷത്തി എഴുപത്തി എണ്ണായിരം രൂപയും ഉൾപ്പെടുന്നതാണ്] വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ പ്രസ്തുത വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (രൂപ) | സഞ്ചിതനിധിയിൻമേൽ ചാർജ്ജ് ചെയ്തത് (രൂപ) | ആകെ (രൂപ) |
| 1 | I | സംസ്ഥാന നിയമസഭ | റവന്യൂ | 88,15,64,000 | *59,77,000* | 88,75,41,000 |
| 2 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 618,74,65,000 | *141,75,48,000* | 760,50,13,000 |
| 3 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 575,68,69,000 | *100,40,55,000* | 676,09,24,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | റവന്യൂ | 112,24,47,000 | .. | 112,24,47,000 |
| 5 | V | കാർഷികാദായ നികുതിയും വില്പന നികുതിയും | റവന്യൂ | 266,59,35,000 | *36,20,000* | 266,95,55,000 |
| 6 | VI | ഭൂനികുതി | റവന്യൂ | 528,43,85,000 | *1,41,000* | 528,45,26,000 |
| 7 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | റവന്യൂ | 185,93,16,000 | *1,00,000* | 185,94,16,000 |
| 8 | VIII | എക്സൈസ് | റവന്യൂ | 248,23,76,000 | *12,00,000* | 248,35,76,000 |
| 9 | IX | വാഹന നികുതികൾ | റവന്യൂ | 101,74,62,000 | *1,000* | 101,74,63,000 |
| 10 | | കടബാദ്ധ്യതകൾ | റവന്യൂ | .. | *10952,09,66,000* | 10952,09,66,000 |
| 11 | X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 238,03,66,000 | .. | 238,03,66,000 |
| 12 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 501,73,09,000 | *1,05,00,000* | 502,78,09,000 |

| | | | | | | |
|---|---|---|---|---|---|---|
| 13 | XII | പോലീസ് | റവന്യൂ | 3095,15,16,000 | *5,73,45,000* | 3100,88,61,000 |
| | | | മൂലധനം | 40,69,05,000 | .. | 40,69,05,000 |
| 14 | XIII | ജയിലുകൾ | റവന്യൂ | 101,44,16,000 | .. | 101,44,16,000 |
| 15 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 361,26,68,000 | *10,000* | 361,26,78,000 |
| | | | മൂലധനം | 5,70,00,000 | .. | 5,70,00,000 |
| 16 | XV | പൊതുമരാമത്ത് | റവന്യൂ | 2304,81,04,000 | *1,15,00,000* | 2305,96,04,000 |
| | | | മൂലധനം | 2469,14,42,000 | *30,00,01,000* | 2499,14,43,000 |
| 17 | XVI | പെൻഷനും പലവകയും | റവന്യൂ | 18212,91,03,000 | *35,55,64,000* | 18248,46,67,000 |
| 18 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ | 16306,00,18,000 | *20,00,000* | 16306,20,18,000 |
| | | | മൂലധനം | 352,15,00,000 | .. | 352,15,00,000 |
| 19 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 4759,48,40,000 | *16,45,000* | 4759,64,85,000 |
| | | | മൂലധനം | 261,80,73,000 | *20,80,000* | 262,01,53,000 |
| 20 | XIX | കുടുംബക്ഷേമം | റവന്യൂ | 579,15,76,000 | .. | 579,15,76,000 |
| 21 | XX | ശുദ്ധജല വിതരണവും ശുചീകരണവും | റവന്യൂ | 987,31,94,000 | .. | 987,31,94,000 |
| | | | മൂലധനം | 335,18,00,000 | .. | 335,18,00,000 |
| 22 | XXI | ഭവനനിർമ്മാണം | റവന്യൂ | 78,36,60,000 | *2,00,000* | 78,38,60,000 |
| | | | മൂലധനം | 62,10,00,000 | .. | 62,10,00,000 |
| 23 | XXII | നഗരവികസനം | റവന്യൂ | 883,58,59,000 | .. | 883,58,59,000 |
| | | | മൂലധനം | 55,61,01,000 | .. | 55,61,01,000 |
| 24 | XXIII | വാർത്താവിതരണവും പ്രചരണവും | റവന്യൂ | 70,53,19,000 | .. | 70,53,19,000 |
| | | | മൂലധനം | 12,45,02,000 | .. | 12,45,02,000 |
| 25 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | റവന്യൂ | 854,90,97,000 | .. | 854,90,97,000 |
| | | | മൂലധനം | 141,75,00,000 | .. | 141,75,00,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (രൂപ) | സഞ്ചിതനിധിയിൻമേൽ ചാർജ്ജ് ചെയ്തത് (രൂപ) | ആകെ (രൂപ) |
| 26 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റ് പിന്നാക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ | 2386,12,77,000 | .. | 2386,12,77,000 |
| | | | മൂലധനം | 283,63,01,000 | .. | 283,63,01,000 |
| 27 | XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | റവന്യൂ | 403,21,01,000 | .. | 403,21,01,000 |
| 28 | XXVII | സഹകരണം | റവന്യൂ | 275,44,45,000 | .. | 275,44,45,000 |
| | | | മൂലധനം | 75,37,39,000 | .. | 75,37,39,000 |
| 29 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | റവന്യൂ | 140,92,80,000 | .. | 140,92,80,000 |
| | | | മൂലധനം | 2088,88,07,000 | .. | 2088,88,07,000 |
| 30 | XXIX | കൃഷി | റവന്യൂ | 2509,62,69,000 | *10,00,000* | 2509,72,69,000 |
| | | | മൂലധനം | 227,89,54,000 | .. | 227,89,54,000 |
| 31 | XXX | ഭക്ഷ്യം | റവന്യൂ | 770,36,61,000 | .. | 770,36,61,000 |
| | | | മൂലധനം | 64,52,68,000 | .. | 64,52,68,000 |
| 32 | XXXI | മൃഗസംരക്ഷണം | റവന്യൂ | 544,25,18,000 | .. | 544,25,18,000 |
| | | | മൂലധനം | 37,20,00,000 | .. | 37,20,00,000 |
| 33 | XXXII | ക്ഷീരവികസനം | റവന്യൂ | 189,38,60,000 | .. | 189,38,60,000 |
| 34 | XXXIII | മത്സ്യബന്ധനം | റവന്യൂ | 300,00,53,000 | .. | 300,00,53,000 |
| | | | മൂലധനം | 255,96,00,000 | .. | 255,96,00,000 |
| 35 | XXXIV | വനം | റവന്യൂ | 488,36,53,000 | *5,00,000* | 488,41,53,000 |
| | | | മൂലധനം | 82,47,01,000 | .. | 82,47,01,000 |

| | | | | | | |
|---|---|---|---|---|---|---|
| 36 | XXXV | പഞ്ചായത്ത് | റവന്യൂ | 551,66,42,000 | .. | 551,66,42,000 |
| | | | മൂലധനം | 336,47,00,000 | .. | 336,47,00,000 |
| 37 | XXXVI | ഗ്രാമവികസനം | റവന്യൂ | 2456,04,46,000 | *12,000* | 2456,04,58,000 |
| | | | മൂലധനം | 50,00,000 | .. | 50,00,000 |
| 38 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 441,77,90,000 | .. | 441,77,90,000 |
| | | | മൂലധനം | 584,92,01,000 | .. | 584,92,01,000 |
| 39 | XXXVIII | ജലസേചനം | റവന്യൂ | 383,44,67,000 | *21,52,000* | 383,66,19,000 |
| | | | മൂലധനം | 445,72,02,000 | *6,08,00,000* | 451,80,02,000 |
| 40 | XXXIX | വൈദ്യുതപദ്ധതികൾ | റവന്യൂ | 132,78,74,000 | .. | 132,78,74,000 |
| | | | മൂലധനം | 47,22,00,000 | .. | 47,22,00,000 |
| 41 | XL | തുറമുഖങ്ങൾ | റവന്യൂ | 62,11,64,000 | .. | 62,11,64,000 |
| | | | മൂലധനം | 103,78,00,000 | .. | 103,78,00,000 |
| 42 | XLI | ഗതാഗതം | റവന്യൂ | 59,84,57,000 | *86,03,00,000* | 145,87,57,000 |
| | | | മൂലധനം | 1217,94,53,000 | .. | 1217,94,53,000 |
| 43 | XLII | വിനോദസഞ്ചാരം | റവന്യൂ | 214,26,54,000 | .. | 214,26,54,000 |
| | | | മൂലധനം | 155,16,00,000 | .. | 155,16,00,000 |
| 44 | XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | റവന്യൂ | 6493,04,93,000 | .. | 6493,04,93,000 |
| 45 | | പൊതുക്കടം തിരിച്ചടയ്ക്കൽ | മൂലധനം | .. | *14977,97,83,000* | 14977,97,83,000 |
| 46 | XLV | പലവക വായ്പകളും മുൻകൂറുകളും | മൂലധനം | 220,80,64,000 | .. | 220,80,64,000 |
| 47 | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 3635,73,22,000 | .. | 3635,73,22,000 |
| | | | മൂലധനം | 86,50,30,000 | .. | 86,50,30,000 |
| | | | ആകെ | 84550,47,33,000 | *26339,90,00,000* | 110890,37,33,000 |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2015–2016 സാമ്പത്തിക വർഷത്തേക്കുവേണ്ടിയുള്ള കേരള സർക്കാരിന്റെ മതിപ്പ് ചെലവ് സംബന്ധിച്ച് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തിട്ടുള്ള ചെലവുകൾ നേരിടുന്നതിനും നിയമസഭ മുൻകൂർ ആയി അനുവദിച്ചിട്ടുള്ള ഗ്രാന്റുകൾക്കും ആവശ്യമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും വിനിയോഗിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിനുംവേണ്ടി ഭാരതത്തിന്റെ ഭരണഘടനയുടെ 204–ാം അനുച്ഛേദം (1)–ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

കെ. എം. മാണി.